"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- M4/23350/2024/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 31-12-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- സ്കൂളുകളിലെ പഠനയാത്രകൾ, വ്യക്തിഗത ആഘോഷങ്ങൾ എന്നിവ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 02/03/2007 ലെ ജി.ഒ (എം.എസ്) നം.51/2007/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. 27/12/2013 ലെ എം(4)/1037/2013/ഡി.പി.ഐ നമ്പർ സർക്കുലർ

3 02/03/2020 ലെ ജി3/122/2020/പൊ.വി.വ നമ്പർ സർക്കാർ സർക്കുലർ

4 ബഹു. കേരള ഹൈക്കോടതിയുടെ 10/10/2022 ലെ SSCR/20/2021 നമ്പർ വിധിന്യായം,

5 ഈ കാര്യാലയത്തിലെ 18.10.2022 തീയതിയിലെ എം4/700196/2022/DGE നമ്പർ സർക്കുലർ

6 ബഹു: പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 27.11.2024 ലെ No. 905/PS/2024/Min.(G.Edn&L) നമ്പർ കുറിപ്പ്

****

സംസ്ഥാനത്തെ സ്കൂളുകളിൽ പഠനയാത്ര സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ 1 മുതൽ 5 വരെയുള്ള സൂചനകൾ പ്രകാരം നൽകിയിരുന്നു. എന്നാൽ നിലവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂൾ പഠനയാത്രകൾ സംഘടിപ്പിക്കുന്നതായും ചില സ്കൂളുകളിൽ പഠനയാത്രകൾക്ക് വൻതോതിലുള്ള തുക നിശ്ചയിക്കുന്നതായും ഇത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയാതെ അവരിൽ മാനസിക പ്രയാസം ഉണ്ടാക്കുന്നതായും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ജന്മദിനംപോലുള്ള വ്യക്തി ആഘോഷങ്ങൾ സംഘടിപ്പിക്കുകയും ഈ പരിപാടികൾക്ക് സമ്മാനങ്ങൾ നൽകാൻ കുട്ടികൾ നിർബന്ധിതരാകുകയും ചെയ്യുന്നുണ്ട്. സമ്മാനങ്ങൾ കൊണ്ട് വരാത്ത കുട്ടികളെ വേർതിരിച്ച് കാണുന്ന പ്രവണതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ, ഈ വിഷയത്തിൽ പൊതുവായ സർക്കുലർ പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനയാത്രകൾ, സ്കൂളിലെ വ്യക്തിഗത ആഘോഷങ്ങൾ എന്നിവ സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പഠനയാത്രകൾക്ക് എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിൽ തുക നിശ്ചയിക്കേണ്ടതാണ്. പഠന യാത്രയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണം ഇല്ല എന്ന കാരണത്താൽ സ്കൂളിലെ ഒരു കുട്ടിയെപ്പോലും യാത്രയിൽ ഉൾപ്പെടുത്താതിരിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ സൗജന്യമായി ഏതെങ്കിലും കുട്ടിയെ പഠനയാത്രയിൽ പങ്കെടുപ്പിക്കുന്ന പക്ഷം ടി വിവരം മറ്റ് കുട്ടികൾ അറിയാതിരിക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. സ്കൂളുകളിലെ പഠനയാത്രയോടൊപ്പം അകമ്പടിയായി പോകുന്ന അദ്ധ്യാപകരുടെയും പി.ടി.എ അംഗങ്ങളുടെയും യാത്രാ ചെലവ് കുട്ടികളിൽ നിന്നും ഈടാക്കാൻ പാടില്ലാത്തതാണ്.

3. സ്കൂളുകളിൽ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ജന്മദിനം പോലുള്ള വ്യക്തി ആഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഇത്തരം ആഘോഷങ്ങൾ പരമാവധി ഒഴിവാക്കുകയും നടത്തുന്ന പക്ഷം അതിന്റെ സാമ്പത്തിക ബാധ്യത കുട്ടികൾക്കോ രക്ഷിതാക്കൾക്കോ ഉണ്ടാകാത്ത രീതിയിൽ നടത്താൻ സ്കൂൾ അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. മറ്റ് ഇതര ബോർഡുകളിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും ബാധകമാണ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Signed by
Shanavas S
Date: 31-12-2024 13:32:52

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ വിഭാഗം)
3) എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
4) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5) എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന). (സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ ഉൾപ്പെടെ)

പകർപ്പ്:

1. കരുതൽ ഫയൽ